## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2481 — 23/01/2014-ൽ മറുപടിക്ക്

## വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ. കെ.ടി. ജലീൽ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | ഈ സർക്കാർ അധികാരമേറ്റ ശേഷം വനാവകാശ നിയമപ്രകാരം എത്ര ആദിവാസികൾക്ക് ഭൂമി നൽകിയെന്നറിയാമോ; വ്യക്തമാക്കുമോ; | എ | ഈ സർക്കാർ അധികാരമേറ്റ ശേഷം വനാവകാശ നിയമപ്രകാരം 7816 കുടുംബങ്ങൾക്ക് 7511.318 ഏക്കർ ഭൂമിയുടെ കൈവശാവകാശരേഖ നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി നൽകിയിട്ടുണ്ട്. |
| ബി | വനാവകാശ നിയമപ്രകാരം കേരളത്തിൽ ആദിവാസികൾ സമർപ്പിച്ച മുഴുവൻ അപേക്ഷകളിലും തീരുമാനം എടുത്തുകഴിഞ്ഞിട്ടുണ്ടോ എന്നറിയാമോ; വിശദമാക്കാമോ; . | ബി | അർഹമായ 28289 അപേക്ഷകളിൽ 25540 എണ്ണത്തിൽ കൈവശാവകാശ രേഖ നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 2749 അപേക്ഷകളിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി | ഏതെല്ലാം ജില്ലകളിൽ സർവ്വേ നടപടികൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; | സി | സർവ്വേ വകുപ്പാണ് സർവ്വേ നടപടികൾ സ്വീകരിക്കുന്നത്. ഇടുക്കി, പാലക്കാട് ജില്ലകളിൽ സർവ്വേ നടപടികൾ പൂർത്തിയാക്കുവാനുണ്ട്. മറ്റ് ജില്ലകളിൽ ലഭ്യമായ അപേക്ഷകളുടെ സർവ്വേ പൂർത്തിയായിട്ടുണ്ട്. കാസർഗോഡ്, ആലപ്പുഴ ജില്ലകളിൽ വനാവകാശ നിയമം 2006 ബാധകമാകുന്നില്ല. വനാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിന് സമയപരിധി ബാധകമല്ലാത്തതിനാൽ ആയത് ലഭ്യമാകുന്ന മുറയ്ക്ക് സർവ്വേ നടപടികൾ തുടരുന്നതാണ്. |
| ഡി | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആദിവാസികൾക്ക് ഭൂമി വിലയ്ക്കെടുത്തു നൽകുന്നതിന് വേണ്ടി അനുവദിച്ച '50' കോടി രൂപ ഉപയോഗിച്ച് എത്ര പേർക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ട്; തുക പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ബാക്കിത്തുകയുടെ വിശദാംശം നൽകാമോ? | ഡി | വയനാട് ജില്ലയിൽ സ്വകാര്യ ഭൂമി വിലയ്ക്കെടുത്ത് നൽകുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. 03.09.2013 ലെ സർക്കാർ ഉത്തരവ് (എം.എസ്) 68/2013/പജപവവിവ പ്രകാരം ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് 25 സെന്റിൽ കുറയാതെയും ഒരേക്കറിൽ അധികരിക്കാതെയും കൃഷിയോഗ്യവും വാസയോഗ്യവുമായ സ്വകാര്യ ഭൂമി പരമാവധി 10 ലക്ഷം രൂപ വിനിയോഗിച്ച് വിലയ്ക്കുവാങ്ങി നൽകുന്ന പദ്ധതിയിൻകീഴിൽ മേൽപ്പറഞ്ഞ 50 കോടി രൂപ വിനിയോഗിക്കാൻ 16.01.2014 ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ആദിവാസി പുനരധിവാസ വികസന മിഷൻ ഉന്നതാധികാര സമിതി തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനാവകാശ നിയമ പ്രകാരം കൈവശാവകാശ രേഖ നൽകിയതിന്റെ ജില്ല തിരിച്ചുള്ള കണക്ക്

| ജില്ല | വിതരണം ചെയ്ത കൈവശാവകാശരേഖകൾ | വന ഭൂമിയുടെ അളവ് (ഏക്കർ) |
|---|---|---|
| തിരുവനന്തപുരം | 1195 | 1614.489 |
| കൊല്ലം | 84 | 47.760 |
| പത്തനംതിട്ട | 171 | 215.38 |
| കോട്ടയം | 145 | 129.151 |
| ഇടുക്കി | 4768 | 3708.871 |
| എറണാകുളം | 427 | 1015.16 |
| തൃശ്ശൂർ | 306 | 121.641 |
| പാലക്കാട് | 204 | 238.120 |
| മലപ്പുറം | 175 | 60.496 |
| കോഴിക്കോട് | 0 | 0.000 |
| വയനാട് | 237 | 199.340 |
| കണ്ണൂർ | 104 | 160.91 |
| **ആകെ** | **7816** | **7511.318** |